I ഇ.ബി. XV- കേരള നിയമസഭ/X-6

## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ഫെബ്രുവരി 12, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

22(*151) റേഷൻ കടകൾ വഴിയുള്ള ഭക്ഷ്യസാധനങ്ങളുടെ വിതരണം

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, റേഷൻ കടകളിലൂടെയുള്ള ഭക്ഷ്യസാധന വിതരണത്തിൽ ഭാഗികമായുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും റേഷൻ വിതരണത്തിൽ ഉപയോഗിച്ചിരുന്ന BSNL ബാൻഡ് വിഡ്ത്ത് 50 MB per second ആയി ഉയർത്തുകയും ബയോമെട്രിക് ഓതന്റിക്കേഷനുമായി ബന്ധപ്പെട്ടുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായി NIC-യുടെ Alternate AUA അഡോപ്റ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന്

സഭയെ അറിയിച്ചു. ഇ-പോസ്, സെർവറുകളിലെ തടസ്സങ്ങൾ ബന്ധപ്പെട്ട ഏജൻസികളുമായി ചേർന്ന് ഉടൻതന്നെ പരിഹരിക്കാറുണ്ട്. NFSA സംസ്ഥാനത്ത് നടപ്പിലാക്കിയതിനുശേഷം റേഷൻ വ്യാപാരികൾക്കുണ്ടായ സാമ്പത്തികവും നിയമപരവും ഭരണപരവുമായ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോവിഡ് കാലത്ത് കിറ്റ് വിതരണം ചെയ്തതിനുള്ള കമ്മീഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വിപണി ഇടപെടലിലൂടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ടെന്നും നവകേരള സദസ്സിൽ ലഭ്യമായ മുൻഗണനാ കാർഡുകൾക്കുള്ള അപേക്ഷകളിന്മേൽ പരിഹാരം കണ്ടിട്ടുണ്ടെന്നും ഭാരത് അരി വിതരണം ചെയ്യുന്ന നടപടി പുനഃപരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും റേഷൻ കടകൾ കേന്ദ്ര സർക്കാരിന്റെ ബ്രാൻഡിംഗിനുവേണ്ടി ഉപയോഗിക്കുന്നത് അംഗീകരിക്കാനാവില്ലെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി. ലോക്സഭ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് റേഷൻ കടയിൽ സെൽഫി പോയിന്റ് സ്ഥാപിച്ച് പുതിയ പ്രചരണ പരിപാടി സംഘടിപ്പിക്കാനുള്ള കേന്ദ്ര നിർദ്ദേശം നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുമെന്നും തെരഞ്ഞെടുപ്പ്

കമ്മീഷനെ ഇക്കാര്യം അറിയിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുമെന്നും ഉപചോദ്യത്തിലിടപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

23(*152) ദേശീയ ജലപാത പദ്ധതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, കോവളം മുതൽ ബേക്കൽ വരെ 616 കി.മീ. ദൈർഘ്യമുള്ള പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) ജലപാതയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണെന്നും മൂന്നാം ഘട്ടത്തിൽ "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്" ഉൾപ്പെടെ പശ്ചിമതീര കനാലുകളുടെ ടെർമിനൽ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും പൂർത്തിയാക്കാനാണ് ശ്രമിക്കുന്നതെന്നും സഭയെ അറിയിച്ചു. കിഫ്ബി ധനസഹായത്തോടുകൂടിയുള്ള പ്രവൃത്തികൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേനയാണ് നടപ്പാക്കുന്നത്. വെസ്റ്റ് കോസ്റ്റ് കനാലിനെ വിവിധ നഗരങ്ങൾ, വാണിജ്യ-ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്നതിന് 1100 കി.മീ. വരുന്ന കനാൽ ശൃംഖലയ്ക്കുപുറമെ ചരക്കുഗതാഗതത്തിനും ടൂറിസത്തിനും പ്രയോജനം ലഭിക്കുന്ന ഫീഡർ/ലിങ്ക്

കനാലുകളും കണ്ടെത്തി മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പശ്ചിമതീര കനാലിന്റെ ഓരോ റീച്ചിന്റെയും സാമ്പത്തിക വികസന സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്നും കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിനായി പ്രത്യേക പാക്കേജ് നടപ്പാക്കിവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

24(*153) <u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ വികസന നേട്ടങ്ങൾ</u>

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, ആർദ്രം കർമ്മപദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി രൂപാന്തരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് സഭയെ അറിയിച്ചു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. സൗകര്യവും സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷയും ലഭ്യമാകുന്നതാണ്. മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, കൗൺസിലിംഗ് സംവിധാനം, ഫാർമസി ഇമ്മ്യൂണൈസേഷൻ മുറി, ശ്വാസ്/ആശ്വാസ് സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ

കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുന്നുണ്ടെന്നും ആഴ്ചയിൽ 6 ദിവസവും NCD ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ടെന്നും പ്രതിരോധ കുത്തിവയ്പുകൾ, പ്രാണിജന്യരോഗ പ്രതിരോധ പ്രവർത്തനങ്ങൾ (Vector study & Control), പകർച്ചവ്യാധി നിയന്ത്രണം, കുടുംബാസൂത്രണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. രോഗികൾക്കായി കാത്തിരിപ്പ് മുറികൾ, രോഗീസൗഹൃദ ശുചിമുറികൾ, ഭിന്നശേഷിക്കാർക്കുള്ള റാംപ്, സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയതോടൊപ്പം മാനവ വിഭവശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വിഭാഗങ്ങളിലായി 1830 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 172 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. കുട്ടികളിൽ 30 ആരോഗ്യ അവസ്ഥകൾക്കുള്ള പരിശോധന നടത്തുകയും തുടർചികിത്സ നൽകുകയും ചെയ്യുന്നതോടൊപ്പം മൊബൈൽ യൂണിറ്റുകൾ വഴി ആദിവാസി/തീരദേശ മേഖലകളിൽ കുട്ടികൾക്കായി പ്രത്യേക ക്യാംപുകളും നടത്തിവരുന്നുണ്ട്. "ശൈലി" മൊബൈൽ ആപ്ലിക്കേഷനിലൂടെ ജീവിത ശൈലീരോഗങ്ങളെക്കുറിച്ചുള്ള വിവരശേഖരണ സർവ്വേ നടത്തുകയും രോഗ സാധ്യതയുള്ളവരെ തുടർ പരിശോധനയ്ക്കും

ചികിത്സയ്ക്കും വിധേയമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ "ജനകീയാരോഗ്യ കേന്ദ്രങ്ങളായി" മാറ്റുകയും മിഡിൽ ലെവൽ സർവീസ് പ്രൊവൈഡറുടെ (MLSP) സഹായത്തോടുകൂടി ജീവിതശൈലീരോഗ നിർണ്ണയ പരിപാടി ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എൻ.പി.സി.ബി (National programme for control of blindness) പദ്ധതിയുടെ ഭാഗമായി 414 വിഷൻ സെന്ററുകൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ക്യാൻസർ പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി 'ക്യാൻസർ കെയർ സ്യൂട്ട്' എന്ന ആപ്ലിക്കേഷൻ, പ്രാഥമിക ചികിത്സാകേന്ദ്രങ്ങളെ സ്പെഷ്യാലിറ്റി ക്ലിനിക്കുകളുമായി ബന്ധിപ്പിക്കുന്ന 'ക്യാൻസർ ഗ്രിഡ്' എന്നിവയും 25 ആശുപത്രികളിൽ ക്യാൻസർ രോഗനിർണ്ണയത്തിനും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സയ്ക്കും വികേന്ദ്രീകൃത ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. പകർച്ചവ്യാധി രോഗനിരീക്ഷണ സംവിധാനങ്ങൾ ശക്തമാക്കുന്നതിനായി Integrated Health Information Platform-IDSP സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്നും National Viral Hepatitis Control Programme (NVHCP)-ന്റെ ഭാഗമായി Hepatitis B, Hepatitis C എന്നിവയുടെ രോഗനിർണ്ണയം (Screening and Confirmation), സൗജന്യ ചികിത്സ,

ആരോഗ്യപ്രവർത്തകർക്ക് HBV വാക്സിനേഷൻ എന്നിവ നൽകിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 37 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ദേശീയ ഗുണനിലവാര അംഗീകാരമുള്ള കേന്ദ്രങ്ങളായും 45 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ " ഇ-ഹെൽത്ത് കേന്ദ്രങ്ങൾ" ആയും മാറ്റിയിട്ടുണ്ട്. തെരഞ്ഞെടുത്ത ജില്ലകളിൽ ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റി ലിങ്ക് വർക്കർ (CLW) പദ്ധതി ആരംഭിക്കുകയും ആദ്യപടിയായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഇവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. 10 ജില്ലാ ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റും ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ കാത്ത് ലാബുകളും ആരംഭിച്ചിട്ടുണ്ട്. പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി 14 ജില്ലകളിലും പ്രവർത്തനക്ഷമമാണ്. 16 പ്രധാന ആശുപത്രികളിൽ വയോജന വാർഡുകളും ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ടെന്നും ആശുപത്രികളെ വയോജന സൗഹൃദമാക്കുന്നതിനുള്ള എൽഡർലി ഫ്രണ്ട്ലി ഇനിഷ്യേറ്റീവ് നടപ്പിലാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പേവിഷബാധമൂലമുള്ള മരണങ്ങൾ തടയുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും Wound Washing Facilities (ആന്റി റാബീസ് ക്ലിനിക്) സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുകയും പേവിഷബാധക്കെതിരെയുള്ള വാക്സിൻ (ARV),

ഇമ്മ്യൂണോഗ്ലോബുലിൻ (ERIG) തുടങ്ങിയവ മെഡിക്കൽ കോളേജുകളിലും ജില്ല/താലൂക്കുതല ആശുപത്രികളിലും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ആരോഗ്യ കേന്ദ്രങ്ങളും ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും 'ഓവർ ദ കൗണ്ടർ' ഫാർമസികളിൽനിന്ന് പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ നൽകുന്നത് തടയുന്നതിനായി 'ഓപ്പറേഷൻ അമൃത്' പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

25(*154) <u>കുടുംബശ്രീ ശാക്തീകരണ ക്യാമ്പയിൻ</u>

തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, കുടുംബശ്രീ സംവിധാനത്തെ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുംവേണ്ടി വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിയ 'തിരികെ സ്കൂളിൽ' ക്യാമ്പയിൻ വിജയകരമായി പൂർത്തീകരിച്ചുവെന്നും ഒരു വർഷം കൊണ്ട് 3 ലക്ഷം സ്ത്രീകളുടെ ഉപജീവനം ഉറപ്പുവരുത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 'K-LIFT' ഉപജീവന പരിപാടി ഈ വർഷം തന്നെ നടപ്പിലാക്കുമെന്നും സഭയെ അറിയിച്ചു. സംസ്ഥാന ബജറ്റ് വിഹിതം, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം, സ്വകാര്യ-പൊതുമേഖല

സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ടുകൾ, വിവിധ വായ്പ പദ്ധതികൾ ഉൾപ്പെടെ ഏകദേശം 430 കോടി രൂപയുടെ ഉപജീവന പരിപാടികളാണ് പ്രസ്തുത ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രൊഫഷണലിസം കൊണ്ടുവരുന്നതിനുമായി എല്ലാ ജില്ലകളിലും പ്രീമിയം കഫെ ആരംഭിക്കുമെന്നും ഓക്സിലറി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തി വൈജ്ഞാനിക തൊഴിൽ സാധ്യതകളെ പ്രയോജനപ്പെടുത്തുമെന്നും കൃഷി-മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ ഇടപെടൽ നടത്തുമെന്നും അയൽക്കൂട്ടങ്ങളെ കൾച്ചറൽ റിക്രിയേഷൻ സെന്ററാക്കി വികസിപ്പിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. കുടുംബശ്രീയെ വൈവിധ്യവത്കരിക്കുന്നതിനും കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി 100 നാച്വേഴ്സ് ഫ്രഷ് വെജിറ്റബിൾ കിയോസ്കുകൾ ആരംഭിക്കുന്നതാണ്. കുടുംബശ്രീ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ജനങ്ങൾക്ക് വിഷരഹിത പഴം, പച്ചക്കറി എന്നിവ ലഭ്യമാക്കുന്നതിനുമായി നാച്വേഴ്സ് ഫ്രഷ് ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഗുണനിലവാരം ഉറപ്പാക്കി "കുടുംബശ്രീ" എന്നപേരിൽത്തന്നെ ഉത്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകിയിട്ടുണ്ടെന്നും ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ഇവ

ലഭ്യമാണെന്നും കുടുംബശ്രീയുടെ നേതൃത്വത്തിൽ നൈപുണ്യ പരിശീലനം നൽകിയ 52880 പേർക്ക് പ്ലേസ്മെന്റ് ലഭ്യമായിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.